(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി.ഡി. ടീച്ചർ, യു.പി.എസ്.എ. എന്നിവയിലെ ഒഴിവുകൾ

1 [1102] ശ്രീ. സി. മമ്മൂട്ടി :

,, പി. കെ. കെ. ബാവ :

,, സി. മോയിൻകുട്ടി :

,, കെ. എൻ. എ. ഖാദർ :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പി.ഡി. ടീച്ചർമാരുടെയും യു.പി.എസ്.എ.-യുടെയും എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒഴിവുകൾ മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിവുകളുണ്ടായിട്ടും ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിനാൽ പി.എസ്.സി. റാങ്ക് ലിസ്റ്റുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ പി. ഡി. ടീച്ചർമാരുടെയും, യു.പി.എസ്.എ.-യുടെയും ഒഴിവുകൾ നിലവിലില്ല. മലപ്പുറം ജില്ലയിൽ പി.ഡി. ടീച്ചർമാരുടെ 400 ഒഴിവുകളും യു. പി.എസ്.എ.-യുടെ 100 ഒഴിവുകളും നിലവിലുണ്ട്.

(ബി) എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്ത് യു. പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്ന നടപടി

2 [1103] ശ്രീ. ചെർക്കളം അബ്ദുള്ള :

,, പി. കെ. കെ. ബാവ :

,, പി. കെ. അബ്ദുറബ്ബ് :

,, ടി. പി. എം. സാഹിർ :

,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര യു. പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് സ്കീം അനുസരിച്ചാണ് കമ്പ്യൂട്ടർ സ്ഥാപിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കൊല്ലം എത്ര സ്കൂളുകളിൽ ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) യു.പി. സ്കൂളുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാൻ ഇപ്പോൾ പദ്ധതിയൊന്നുമില്ല.

(സി) ബാധകമല്ല.

അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് പുതിയ പദ്ധതി

3 [1104] ശ്രീ. തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകരുടെ അദ്ധ്യയന ക്ഷമത പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്തെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഭരണ നവീകരണ പദ്ധതിയിൽപ്പെടുത്തി അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. ഇതിലേക്കായി വിദ്യാലയങ്ങളിൽ 'സാമൂഹിക കണക്കെടുപ്പ്' എന്ന ഒരു പദ്ധതി ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇത് സംബന്ധമായ ഒരു പദ്ധതി രൂപരേഖ ഇതിനോടകം ഉണ്ടാക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഇപ്പോൾ ഭരണ നവീകരണ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഭരണ നവീകരണ പദ്ധതിയിൽപ്പെടുത്തി സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

സ്വാശ്രയ സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ

4 [1105] ശ്രീ. ടി. എൻ. പ്രതാപൻ :
,, ലൂഡി ലൂയിസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും ഫീസും മറ്റ് വിദ്യാഭ്യാസ ചെലവുകളും സർക്കാരിൽ നിന്നും കൊടുക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly